നമ്പർ: ICPS-3/9408(2)/2020

വനിതാ ശിശു വികസന വകുപ്പ് കാര്യാലയം
സംയോജിത ശിശു സംരക്ഷണ പദ്ധതി
പൂജപ്പുര, തിരുവനന്തപുരം
തീയതി: 26/11/2021

# വിജ്ഞാപനം

വിഷയം : വനിതാ ശിശു വികസന വകുപ്പ് - ഐ. സി. പി. എസ്. - സംസ്ഥാനത്തെ ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ സോഷ്യൽ വർക്കറുടെ ഒഴിവുകളിലേക്ക് താൽപര്യമുള്ളവരും നിന്നും അപേക്ഷ ക്ഷണിക്കുന്നു.

സൂചന : 1. സർക്കാർ ഉത്തരവ് നമ്പർ G.O. (P) No. 8/2021/SJD, തീയതി 09.02.2021

2. സർക്കാർ ഉത്തരവ് നമ്പർ G.O. (P) No. 12/2017/SJD, തീയതി 18.07.2017

2015 ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 4 ാം വകുപ്പ്, 18.07.2017 തീയതിയിലെ G.O. (P) No. 12/2017/SJD നമ്പർ സർക്കാർ ഗസറ്റ് എന്നിവ അടിസ്ഥാനമാക്കി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ 2022 മാർച്ച് മാസം പ്രതീക്ഷിക്കുന്ന ഈരണ്ട് ഒഴിവുകളിലേക്ക് വീതം സോഷ്യൽ വർക്കർ മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

ഓരൊ ജുവനൈൽ ജസ്റ്റിസ് ബോർഡിലും സോഷ്യൽ വർക്കർ മെമ്പർമാരായ രണ്ട് പേരാണു ഉണ്ടായിരിക്കേണ്ടത് രണ്ട് മെമ്പർമാരിൽ ഒരാൾ വനിതയായിരിക്കണം.

**ഒഴിവുകൾ:-**

സംസ്ഥാനത്തെ ഓരോ ജില്ലകളിലും പ്രവർത്തിക്കുന്ന ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ നിന്നായി ആകെ പ്രതീക്ഷിക്കുന്ന 28 ഒഴിവുകൾ.

**യോഗ്യതകൾ:-**

ജുവനൈൽ ജസ്റ്റിസ് ബോർഡിൽ അംഗമായി തെരഞ്ഞെടുക്കപ്പെടുന്നത് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഇപ്രകാരമാണ്:-

സോഷ്യോളജി/ സൈക്യാട്രി/ സോഷ്യൽ വർക്ക്/ ചൈൽഡ് സൈക്കോളജി/ വിദ്യാഭ്യാസം എന്നിവയിൽ ഏതെങ്കിലും ഒന്നിലുള്ള ബിരുദാനന്തര ബിരുദവും, ശിശു ക്ഷേമ പ്രവർത്തനങ്ങളുടെ അസൂത്രണം/ നിർവഹണം/ ഭരണനിർവഹണം എന്നിവയിൽ ഏഴ് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും.

**അല്ലെങ്കിൽ**

ആരോഗ്യം/ ശിശു വികസനം/ കറക്ഷണൽ സർവീസ്/ നിയമം എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിലുള്ള ബിരുദവും, ശിശു ക്ഷേമ പ്രവർത്തനങ്ങളുടെ അസൂത്രണം/ നിർവഹണം/ ഭരണനിർവഹണം എന്നിവയിൽ ഏഴ് വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയവും.

**വയസ്സ്:-**

അപേക്ഷകർക്ക് ഈ നോട്ടിഫിക്കേഷൻ തീയതിയിൽ 35 വയസ്സ് പൂർത്തിയായിരിക്കേണ്ടതും 70 വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്.

**അയോഗ്യതകൾ:-**

ജുവനൈൽ ജസ്റ്റിസ് ബോർഡിൽ അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിന് താഴെപ്പറയുന്നവരെ പരിഗണിക്കുന്നതല്ല:-

1. മനുഷ്യാവകാശങ്ങളോ, കുട്ടികളുടെ അവകാശങ്ങളോ ലംഘിച്ച ചരിത്രമുള്ളവർ;
2. അസന്മാർഗീക കുറ്റകൃത്യങ്ങളിൽ ലഭിച്ച ശിക്ഷ അസ്ഥിരപ്പെടുത്തുകയോ, പൂർണമായും മാപ്പ് നൽകപ്പെടുകയോ ചെയ്യാതെ ശിക്ഷ അനുഭവിക്കേണ്ടിവന്നവർ;
3. കേന്ദ്ര-സംസ്ഥാന സർക്കാർ സേവനത്തിൽ നിന്നോ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽനിന്നോ ഒഴിവാക്കുകയോ, പിരിച്ചുവിടുകയോ ചെയ്യപെട്ടവർ;
4. കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടത്തിയവർ, കുട്ടികളെ കൊണ്ട് ബാലവേല ചെയ്യിച്ചവർ, മനുഷ്യാവകാശ ലംഘനങ്ങൾ, സദാചാര വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ളവർ;

**കാലാവധി:-**

ജുവനൈൽ ജസ്റ്റിസ് ബോർഡിൽ നിയമിതരാകുന്ന അംഗങ്ങളുടെ നിയമനകാലാവധി നിയമിക്കപ്പെടുന്ന തീയതി മുതൽ പരമാവധി മൂന്നു വർഷമായിരിക്കും.

**അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:-**

- ജുവനൈൽ ജസ്റ്റിസ് ബോർഡിൽ നിലവിൽ അംഗമായിരിക്കുന്നവരും, ഇതിനു മുൻപ് രണ്ടു തവണ ജുവനൈൽ ജസ്റ്റിസ് ബോർഡിൽ അംഗമായിരുന്നവരും ഈ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല;
- അപേക്ഷകർ ഇതോടൊപ്പം ചേർത്തിട്ടുള്ള നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്;
- അപേക്ഷയോടൊപ്പം വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉണ്ടായിരിക്കേണ്ടതാണ്;

- ജുവനൈൽ ജസ്റ്റിസ് ബോർഡിലേക്കും, ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലേക്കും ഒരേസമയം അപേക്ഷ സമർപ്പിക്കുന്നവർ തസ്തികകൾ വ്യക്തമാക്കി വ്യത്യസ്ത അപേക്ഷ സമർപ്പിക്കേണ്ടതാണ്;
- നിശ്ചിത ഫോറത്തിലല്ലാത്തതോ, അപൂർണമായതോ, രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടില്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല;
- ഒരാൾ ഒരേ പദവിയിലേക്ക് വേണ്ടി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷിക്കാൻ പാടുള്ളതല്ല;
- അപേക്ഷയുടെ കവറിന് പുറത്ത് 'ജുവനൈൽ ജസ്റ്റിസ് ബോർഡിൽ സോഷ്യൽ വർക്കർ മെബർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ' എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം;
- അപേക്ഷകൾ ഈ കാര്യാലയത്തിൽ നേരിട്ടോ രജിസ്ട്രേഡ് സ്പീഡ് പോസ്റ്റ് ആയോ സമർപ്പിക്കേണ്ടതാണ്;
- 2021 ഡിസംബർ 24- ന് വൈകുന്നേരം 5 മണിക്ക് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല;

അപേക്ഷകൾ **വനിതാ ശിശു വികസന ഡയറക്ടർ, സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS), ജയിൽ കഫറ്റേരിയയ്ക്ക് എതിർവശം, പൂജപ്പുര, തിരുവനന്തപുരം, പിൻ -695012** എന്ന വിലാസത്തിൽ അയയ്ക്കുകയോ, നേരിട്ട് സമർപ്പിക്കുകയോ ചെയ്യാവുന്നതാണ്. അപേക്ഷയുടെ സൂക്ഷ്മപരിശോധനയുടെയും തുടർന്നുള്ള അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുന്നത്.

അപേക്ഷാ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ഉൾകൊള്ളിക്കുന്നു.

വനിതാ ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി, ഐ.സി.പി.എസ്.